**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1454** **30-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈവശഭൂമിയ്ക്ക് പട്ടയം വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-ാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13,514 പട്ടയങ്ങളും, 2--ാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41,021 പട്ടയങ്ങളും ഉൾപ്പെടെ ഒരു വർഷകാലയളവിനുള്ളിൽ 54,535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ ജില്ലാ തിരിച്ചുള്ള പട്ടിക ചുവടെ രേഖപ്പെടുത്തുന്നു.** |
| (ബി) | വിവിധ വകുപ്പുകളുടെ അധീനതയിലുള്ള | (ബി) | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. വിവിധ |

| **ക്രമ നം.** | **ജില്ല** | **അനുവദിച്ച പട്ടയങ്ങളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | പത്തനംതിട്ട | 373 |
| 4 | ആലപ്പുഴ | 635 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | വയനാട് | 1733 |
| 12 | കോഴിക്കോട് | 6738 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 1946 |
| | **ആകെ** | **54,535** |

| | | | |
|---|---|---|---|
| | ഉപയോഗരഹിതമായ ഭൂമി തിരിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | | വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. |
| (സി) | പട്ടികജാതി,പട്ടികവർഗക്കാർക്ക് മലയോര/ വനഭൂമി പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച 19,000 ഏക്കർ വനഭൂമി പതിച്ച് നൽകുന്ന പദ്ധതി പ്രകാരം പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഭൂമി പതിവ് നടപടികൾ നടന്നുവരുന്നു. കൂടാതെ 1993-ലെ ഭൂമി പതിവ് ചട്ട പ്രകാരം പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്ന നടപടികളും വിവിധ ജില്ലകളിൽ സ്വീകരിച്ചുവരുന്നു. 2023 വർഷത്തിൽ മലയോര മേഖലയിലെ പട്ടികജാതി/ പട്ടികവർഗത്തിൽപ്പെട്ടവർക്ക് പരമാവധി പട്ടയം നൽകുന്നതിനുള്ള ശ്രമമാണ് കൈകൊണ്ടിട്ടുള്ളത്. ഇതിനായി പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറായി വരുന്നു. |
| (ഡി) | മുൻകാലങ്ങളിൽ ലഭിച്ച പേപ്പർ പട്ടയങ്ങൾക്ക് പകരം സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-പട്ടയങ്ങൾ ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ലാൻഡ് ട്രിബ്യൂണലുകളിൽ നിന്നും അനുവദിക്കുന്ന ക്രയ സർട്ടിഫിക്കറ്റുകൾ ഇപ്പോൾ സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കിയിട്ടുണ്ട്. ഇത്തരം പട്ടയങ്ങൾ ഇ-പട്ടയങ്ങളായാണ് ഇപ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്തു വരുന്നത്. ഭൂമി പതിവ് നിയമ പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ കൂടി ഓൺലൈനായി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതും, ആയതിലേക്കായി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പ്രവർത്തനങ്ങൾ പൂർത്തീകരിയ്ക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ